**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.107** **08.06.2015 ന് മറുപടിയ്ക്ക്**

**മദ്യനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഇ.കെ.വിജയൻ :** | | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | മദ്യനയത്തിന്റെ ഭാഗമായ മദ്യരഹിത കേരളം തികഞ്ഞ പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല, മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ "മദ്യരഹിത കേരളം" എന്ന മഹത്തായ ലക്ഷ്യം വിഭാവനം ചെയ്യുന്ന സർക്കാരിന്റെ മദ്യനയത്തിന് വമ്പിച്ച ജനപിന്തുണയാണ് ലഭിച്ചു വരുന്നത്. |
| (ബി) | മദ്യനയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് അടച്ചുപൂട്ടിയ ബാറുകളിൽ ബീയർ-വൈൻ പാർലറുകൾക്ക് അംഗീകാരം നൽകിയത് പ്രസ്തുത ആശയത്തിന് വിരുദ്ധമാണെന്ന വസ്തുത പരിശോധിച്ചുണ്ടോ ; | (ബി) | " മദ്യരഹിത കേരളം" എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പഞ്ചനക്ഷത്ര ബാർഹോട്ടലൊഴികെയുള്ള ബാറുകൾ അടച്ചുപൂട്ടുന്നതിന് സർക്കാർ തീരുമാനമെടുത്തുവെങ്കിലും അത്തരം സ്ഥാപനങ്ങളിലെ തൊഴിൽ നഷ്ടപ്പെട്ട ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നൽകുവാൻവേണ്ടിയാണ് വീര്യം കുറഞ്ഞ മദ്യമായ ബിയറും വൈനും വിൽപ്പന നടത്തുന്ന ബിയർ/വൈൻ പാർലർ ലൈസൻസ് നൽകുവാൻ സർക്കാർ തീരുമാനമെടുത്തത്. കൂടാതെ ഇത്തരം ബാർഹോട്ടലുകൾ അടച്ചുപൂട്ടുകവഴി സംസ്ഥാനത്തെ ടൂറിസം മേഖലയിലുണ്ടാകാൻ സാധ്യതയുള്ള തിരിച്ചടികൾകൂടി മുന്നിൽ കണ്ടാണ് സർക്കാർ ഇത്തരത്തിൽ ഒരു തീരുമാനമെടുത്തത്. ഇതിനെല്ലാമുപരി വീര്യം കൂടിയ മദ്യം ഉപയോഗിക്കുന്ന പൊതുജനത്തെ വീര്യം കൂടിയ മദ്യത്തിന്റെ ഉപയോഗത്തിൽ നിന്നും പിന്തിരിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയുമാണ് അടച്ചുപൂട്ടിയ ബാർ |

| | | | |
|---|---|---|---|
| | | | ഹോട്ടലുകൾക്ക് ബിയർ/വൈൻ പാർലർ ലൈസൻസ് നൽകുവാൻ സർക്കാർ തീരുമാനമെടുത്തത്. |
| (സി) | ബീയർ-വൈൻ പാർലറുകൾക്ക് അംഗീകാരം നൽകിയത് മദ്യപാനശീലം പ്രോൽസാഹിപ്പിക്കുന്നതിനും മദ്യത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും കാരണമാവുമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ ? | (സി) | ബിയർ/വൈൻ പാർലറുകൾക്ക് അംഗീകാരം നല്കിയത് മദ്യപാനശീലം വർദ്ധിക്കുന്നതിന് കാരണമാകാം എന്ന് കരുതുന്നില്ല, മറിച്ച് വീര്യം കൂടിയ മദ്യം ഉപയോഗിക്കുന്ന വിഭാഗത്തെ വീര്യം കുറഞ്ഞ മദ്യത്തിന്റെ ഉപയോഗത്തിലേക്ക് കൊണ്ടു വരാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വെയർഹൗസുകളിൽ നിന്നുള്ള വിദേശമദ്യ വില്പനയുടെ അളവിൽ 19% കുറവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ